# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 572** **27.02.2018- ൽ മറുപടിയ്ക്ക്**

## അവശ്യസാധനങ്ങളുടെ വിലക്കയറ്റം പിടിച്ച നിർത്താൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.രാജു എബ്രഹാം** | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് അനുഭവപ്പെടുന്ന അവശ്യസാധനങ്ങളുടെ വിലക്കയറ്റം പിടിച്ച നിർത്താൻ കഴിയും വിധം, സംസ്ഥാനത്തെ സഹകരണ വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങൾ വഴി നടത്തുന്ന ഇടപെടലുകൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (എ) അവശ്യസാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനും, വിപണി ഇടപെടലിന്റെയും ഭാഗമായി കൺസ്യൂമർഫെഡ് നേരിട്ടും പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേനയും അവശ്യവസ്തുക്കളുടെ ലഭ്യത ഉറപ്പാക്കി വിതരണ രംഗത്ത് ശക്തമായി ഇടപെടാൻ കഴിയുന്നുണ്ട്. ഉത്സവകാല വിപണിയിൽ സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വില നിലവാരം പിടിച്ച നിർത്തുന്നതിന് ഇത്തരം ഇടപെടലുകൾ സഹായകരമായിട്ടുണ്ട്.<br>സംസ്ഥാനത്ത് കൺസ്യൂമർ ഫെഡറേഷന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്ന ത്രിവേണി സൂപ്പർമാർക്കറ്റുകൾ, ഇ-ത്രിവേണി സ്റ്റോറുകൾ, മൊബൈൽ ത്രിവേണികൾ എന്നിവയിൽ കൂടി നിത്യോപയോഗ സാധനങ്ങൾ എം.ആർ.പി/പൊതു വിപണിയിൽ നിന്നും വിലക്കുറവിൽ വില്പന നടത്തി വരുന്നു. |
| (ബി) പ്രാഥമിക സഹകരണ സംഘങ്ങൾ വഴി പച്ചക്കറി ഉൾപ്പെടെ നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ എത്തിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ കൺസ്യൂമർഫെഡിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങൾ വഴി 2000 നീതി സ്റ്റോറുകളും 1500 നീതി മെഡിക്കൽ സ്റ്റോറുകളും ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. നിലവിൽ 168 നീതിസ്റ്റോറുകളും 178 നീതി മെഡിക്കൽ സ്റ്റോറുകളും ആരംഭിച്ചിട്ടുണ്ട്. |

ടി നീതി സ്റ്റോറുകൾ വഴി 13 ഇനം നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ ഉത്സവകാലങ്ങളിൽ പ്രാഥമിക സഹകരണ സംഘങ്ങൾ വഴി സംസ്ഥാനം ഒട്ടാകെ വില്പന നടത്തി വിലനിലവാരം പിടിച്ചുനിർത്തുന്നതിന് സാധിച്ചിട്ടുണ്ട്. ഉത്സവകാലങ്ങളിൽ പ്രത്യേകിച്ച് ഓണവിപണിയിൽ പ്രാഥമിക സഹകരണ സംഘങ്ങൾ വഴി പഴം, പച്ചക്കറി ഉത്പന്നങ്ങൾ സംസ്ഥാനം ഒട്ടാകെ വില്പന നടത്തി കമ്പോള വില പിടിച്ചുനിർത്തുവാനും അതുവഴി സാധാരണക്കാർക്ക് ഗുണമേന്മയുള്ള അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നതിനും സാധിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | ഇത്തരം ഇടപെടലുകൾ നടത്തിയിട്ടും വില നിയന്ത്രണം ഫലപ്രദമാകാത്തതിന്റെ കാരണം വിലയിരുത്തിയിട്ടുണ്ടോ; എന്തുകൊണ്ടാണ് ഇതെന്ന് വിശദമാക്കാമോ; ഇതിന് പരിഹാരമായി എന്തു ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | ഇത്തരം ഇടപെടലുകൾ നടത്തിയതിലൂടെ സാധാരണക്കാർക്ക് ഗുണമേന്മയുള്ള നിത്യോപയോഗ സാധനങ്ങളും, പഴം, പച്ചക്കറികളും ലഭ്യമാക്കുന്നതിനും വിലനിലവാരം പിടിച്ചുനിർത്തുന്നതിനും സാധിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**